# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ

**FARM INFORMATION BUREAU**

Agriculture Development and Farmer’s Welfare Department

GOVERNMENT OF KERALA

Chief Editor : ASA S KUMAR Editor : Dr. BINU HARRIET IVAN

Farm Information Bureau, Kowdiar, Thiruvananthapuram -695003

Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186,2317314

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 10/07/2024

1. കൃഷി വകുപ്പിൻറെ കീഴിൽ, ഗുണമേന്മയുള്ള മെച്ചപ്പെട്ടയിനം ടിഷ്യൂ കൾച്ചർ വാഴ തൈകൾ ഉല്പാദിപ്പിച്ചു കർഷകർക്ക് വിതരണം ചെയ്യുന്ന ഒരു പ്രധാന സ്ഥാപനമാണ് കഴക്കൂട്ടത്ത് പ്രവർത്തിക്കുന്ന ബയോ ടെക്നോളജി ആൻറ് മോഡൽ ഫ്ളോറികൾച്ചർ സെൻറർ. (BMFC). വിവിധ ഇനങ്ങളിൽപ്പെട്ട ടിഷ്യൂ കൾച്ചർ വാഴ തൈകൾ ഇവിടെ വാണിജ്യാടിസ്ഥാനത്തിൽ ഉല്പാദിപ്പിച്ചു വിതരണം ചെയ്തുവരുന്നു. നിലവിൽ നേന്ത്രൻ, ചെങ്കദളി, ഗ്രാൻനെയ്ൻ ഇനങ്ങളുടെ ടിഷ്യൂകൾച്ചർ വാഴതൈകൾ വില്പ്പനക്ക് ലഭ്യമാണ്. വാഴ ഒന്നിന് 20 രൂപയാണ് വില. കൂടുതൽ വിവരങ്ങൾക്ക് കർഷകർ 0471 - 2413739 എന്ന ഫോൺ നമ്പറിലോ bmfctvm@yahoo.co.in എന്ന ഇ-മെയിൽ വിലാസത്തിലോ ബന്ധപ്പെടുക.

2. നാളികേര വികസന ബോർഡിന്റെ നേര്യമംഗലം വിത്തുൽപാദന പ്രദർശന തോട്ടത്തിൽ നെടിയ ഇനം തെങ്ങിൻ തൈകൾ 100 രൂപ നിരക്കിലും, കുറിയ ഇനങ്ങൾ 110 രൂപ നിരക്കിലും, സങ്കര ഇനങ്ങൾ 250 രൂപ നിരക്കിലും വിതരണം ചെയ്യുന്നു. ആവശ്യമുള്ള കർഷകർക്കും, കൃഷി ഓഫീസർമാർക്കും ഫാമിലെത്തി തൈകൾ നേരിട്ട് വാങ്ങാം. കൂടുതൽ വിവരങ്ങൾക്ക് 0485 2554240, 8547992819 എന്ന നമ്പറിൽ ബന്ധപ്പെടുക.

3. കാർഷിക സർവ്വകലാശാല കാർഷിക കോളേജ്, വെള്ളാനിക്കര പച്ചക്കറി ശാസ്ത്ര വിഭാഗത്തിൽ അരുൺ, രേണുശ്രീ ഇനത്തിൽപ്പെട്ട ചീര, ലോല, ഗീതിക, കാശികാഞ്ചൻ, വൈജയന്തി, അനശ്വര ഇനത്തിൽപ്പെട്ട പയർ, പ്രീതി പാവൽ, ഉജ്ജ്വല മുളക് , ഹരിത, സൂര്യ ഇനത്തിൽപ്പെട്ട വഴുതന, അർക്ക അനാമിക, അരുണ ഇനത്തിൽപ്പെട്ട വെണ്ട എന്നിവയുടെ വിത്തുകൾ വിൽപ്പനക്ക് തയ്യാറാണ്. കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടുക ഫോൺ: 0487 2370051

4. കുടപ്പനക്കുന്ന് പ്രാദേശിക കോഴി വളർത്തൽ കേന്ദ്രത്തിൽ കോഴിവളം കിലോയ്ക്ക് 3/-രൂപ നിരക്കിൽ കർഷകർക്ക് വിൽപ്പനയ്ക്ക് ലഭ്യമാണ്. ആവശ്യക്കാർ ബുക്കിങ്ങിനായി 0471 2730804 എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക.

5. ക്ഷീര വികസന വകുപ്പിന്റെ 2024-25 സാമ്പത്തിക വർഷത്തിലെ വിവിധ പദ്ധതികൾ നടപ്പിലാക്കാൻ താൽപര്യമുള്ളവരിൽനിന്ന് ഓൺലൈൻ ആയി അപേക്ഷകൾ ക്ഷണിക്കുന്നു. 2024 ജൂൺ മാസം 27-ാം തീയതി മുതൽ ജൂലായ് മാസം 20 വരെ ക്ഷീര വികസന വകുപ്പിന്റെ www.ksheerasree.kerala.gov.in എന്ന പോർട്ടൽ മുഖേന രജിസ്റ്റർ ചെയ്ത് അപേക്ഷ സമർപ്പിക്കാവുന്നതാണ്. പുൽകൃഷി വികസനം, മിൽക്ക് ഷെഡ് പദ്ധതി വികസനം, ഡയറി ഫാം ഹൈജീൻ മെച്ചപ്പെടുത്തുന്നതിനുള്ള പദ്ധതി തുടങ്ങിയ പദ്ധതികൾക്ക് ഇപ്പോൾ അപേക്ഷകൾ സമർപ്പിക്കാം. ഡയറി ഫാമുകളുടെ ആധുനികവൽക്കരണവും യന്ത്രവൽക്കരണവും, കയർ മത്സ്യബന്ധന മേഖലകൾക്കായുള്ള പ്രത്യേക പുനരധിവാസ പദ്ധതി, കൂടാതെ യുവജനങ്ങൾക്കായി പത്തു പശു അടങ്ങുന്ന സ്മാർട്ട് ഡയറി ഫാം പദ്ധതി, മിൽക്കിങ് മെഷീൻ വാങ്ങിക്കുന്നതിനുള്ള ധനസഹായം, തൊഴുത്ത് നിർമ്മാണ ധനസഹായം എന്നിവ ഉൾപ്പെടുന്ന മിൽക്ക് ഷെഡ് വികസന പദ്ധതികൾക്കും ഡയറി ഫാമിന്റെ ഹൈജീൻ മെച്ചപ്പെടുത്തുന്നതിനായുള്ള പദ്ധതികൾക്കും ksheerasree.kerala.gov.in എന്ന പോർട്ടലിലൂടെ അപേക്ഷകൾ സമർപ്പിക്കാം. കൂടുതൽ വിവരങ്ങൾക്ക് ബ്ലോക്ക് തലത്തിൽ പ്രവർത്തിക്കുന്ന ക്ഷീരവികസന യൂണിറ്റുമായി ബന്ധപ്പെടണമെന്ന് ക്ഷീരവി കസന വകുപ്പ് ഡയറക്ടർ അറിയിച്ചു.

**പരിശീലന പരിപാടി**

6. ക്ഷീരവികസന വകുപ്പിന്റെ പട്ടത്തുള്ള ക്ഷീരപരിശീലന കേന്ദ്രത്തിൽ വച്ച് 2024 ജൂലൈ 15 മുതൽ 20 വരെയുള്ള 5 പ്രവൃത്തി ദിവസങ്ങളിൽ ക്ഷീര കർഷകർക്കായി

'**ശാസ്ത്രീയമായ പശു പരിപാലനം**' എന്ന പരിശീലന പരിപാടി ഉണ്ടായിരിക്കുന്നതാണ്. പരിശീലന പരിപാടിയിൽ പങ്കെടുക്കാൻ താല്പര്യമുള്ളവർ 2024 ജൂലൈ 12 -ാം തീയതി വൈകുന്നേരം 5 മണിയ്ക്ക് മുമ്പായി ഈ പരിശീലന കേന്ദ്രത്തിൽ ഫോൺ മുഖേനയോ, നേരിട്ടോ രജിസ്റ്റർ ചെയ്യേണ്ടതാണ്. രജിസ്ട്രേഷൻ ഫീസ് 20 രൂപ. പരിശീലനത്തിൽ പങ്കെടുക്കുന്നവർക്ക് ഓരോ ദിവസവും 150/- രൂപ ദിന ബത്തയും ആകെ 100/- രൂപ യാത്രാബത്തയും നൽകുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് ക്ഷീരപരിശീലന കേന്ദ്രം, പൊട്ടക്കുഴി റോഡ്,പട്ടം, പട്ടം പി.ഒ., തിരുവനന്തപുരം - 695004 എന്ന വിലാസത്തിലോ, 0471 - 2440911 എന്ന ഫോൺ നമ്പരിലോ, principaldtctvm@gmail.com എന്ന ഇ-മെയിൽ വിലാസത്തിലോ ബന്ധപ്പെടാവുന്നതാണ്.

7. കേരള കാർഷിക സർവ്വകലാശാലയുടെ ഇപഠന കേന്ദ്രം നടത്തിവരുന്ന **"സുരക്ഷിത ഭക്ഷണം നമ്മുടെ അവകാശം"** എന്ന വിഷയത്തിലെ സൗജന്യ ഓൺലൈൻ പരിശീലന പരിപാടിയുടെ പുതിയ ബാച്ച് 2024 ജൂലൈ 17 ന് ആരംഭിക്കുന്നു. പങ്കെടുക്കുവാൻ താൽപ്പര്യമുള്ളവർ ജൂലൈ 16 നകം ഈ കോഴ്സിൽ രജിസ്റ്റർ ചെയ്യേണ്ടതാണ്. 20 ദിവസം ദൈർഘ്യമുള്ള കോഴ്സ് പൂർണ്ണമായും മലയാളത്തിലാണ് പരിശീലിപ്പിക്കുന്നത്. www.celkau.in/MOOC എന്ന ലിങ്കിൽ ക്ലിക് ചെയ്ത് ഈ പരിശീലന കോഴ്സിൽ രജിസ്റ്റർ ചെയ്യാം. രജിസ്റ്റർ ചെയ്തവർക്ക് ജൂലൈ 17 മുതൽ 'പ്രവേശനം' എന്ന ബട്ടൺ ക്ലിക് ചെയ്ത് യുസർ ഐ ഡി യും പാസ്സവേർഡും ഉപയോഗിച്ച് ക്ലാസ്സുകളിൽ പങ്കെടുക്കാം.

8. റബ്ബർ ടാപ്പിങ് തൊഴിലാളികൾക്കായി റബ്ബർബോർഡ് 2011 - 12 വർഷത്തിൽ ആരംഭിച്ച ഗ്രൂപ്പ് ലൈഫ് ഇൻഷ്വറൻസ് കം ടെർമിനൽ ബെനിഫിറ്റ് പദ്ധതിയിൽ ചേർന്നിട്ടു

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

ള്ളവർ അവരുടെ ഈ വർഷത്തെ വിഹിതം 2024 ജൂലൈ 12 നു മുമ്പായി അതത് പ്രദേശത്തെ റബ്ബർബോർഡ് റീജിയണൽ ഓഫീസിൽ അടച്ച് പോളിസി പുതുക്കേണ്ടതാണ്. പോളിസി പുതുക്കുന്നതുമായി ബന്ധപ്പെട്ട കത്ത് എല്ലാ അംഗങ്ങൾക്കും റബ്ബർബോർഡിൽ നിന്നും അയച്ചിട്ടുണ്ട്. കത്ത് ലഭിക്കാത്തവർ ഇത് ഒരറിയിപ്പായി കണക്കാക്കി റബ്ബർബോർഡ് റീജിയണൽ ഓഫീസുമായി ബന്ധപ്പെട്ട് പണം അടയ്ക്കേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് ഫോൺ നമ്പർ- 0481 2301231

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം